പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിന് നടപടി

*26 [116] ശ്രീ. കെ. പി. രാജേന്ദ്രൻ:

,, പി. നാരായണൻ:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര തോട്ടങ്ങൾ ഇപ്പോൾ സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ മാസങ്ങളായി പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനും സർക്കാർ തുടർന്നു വരുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) നിയമവിരുദ്ധമായി അടച്ചുപൂട്ടിയ തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേന്ദ്ര-സംസ്ഥാന സർക്കാർ പ്രതിനിധികളും മറ്റു ബന്ധപ്പെട്ടവരും ഉൾപ്പെടുന്ന ഒരു പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരടങ്ങുന്ന ഒരു ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ച്, തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള അനുരഞ്ജന ചർച്ചകൾ നടത്തിവരികയാണ്. ചർച്ചകളുടെ ഫലമായി നാലു തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇതിനു പുറമെ കേന്ദ്ര സർക്കാർ രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റി തോട്ടം മേഖല സന്ദർശിക്കുകയും പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സംസ്ഥാനത്ത് 20 തേയിലത്തോട്ടങ്ങളും ഒരു കാപ്പിത്തോട്ടവും ഇപ്പോൾ അടഞ്ഞു കിടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ മാസങ്ങളായി പ്രവർത്തന രഹിതമായി കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിലേക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫണ്ട് അനുവദിച്ചുകൊണ്ട് തൊഴിലാളികൾക്ക് സൗജന്യ റേഷൻ, ജോലിക്ക് ഭക്ഷണം എന്നിവ നൽകി വരുന്നു. ഇതിനു പുറമെ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, മെഡിക്കൽ സഹായം എന്നിവയും നൽകിയിട്ടുണ്ട്. പീരുമേട് താലൂക്കിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു മൊബൈൽ മെഡിക്കൽ വാൻ നൽകിയിട്ടുണ്ട്. ലയങ്ങളിൽ കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്ലാന്റേഷൻ മേഖലയിലെ 8 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകി വരുന്നു. കൂടാതെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ സൗജന്യ റേഷൻ ലഭിക്കുന്ന 9839 തൊഴിലാളികൾക്ക് കഴിഞ്ഞ ഓണക്കാലത്ത് 500 രൂപാ വീതം ആകെ 49,19,500 രൂപ എക്സ്ഗ്രേഷ്യാ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) അടച്ചു പൂട്ടിയ തോട്ടങ്ങളൊന്നും ഏറ്റെടുക്കാൻ കേരള സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

## കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ നിയമനം

*27 [117] ശ്രീ. മത്തായി ചാക്കോ:
,, മഞ്ഞളാംകുഴി അലി:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലവിലുള്ള എല്ലാ റൂട്ടുകളിലും ബസ് സർവ്വീസ് നടത്താനാവശ്യമായ സ്റ്റാഫിന്റെ നിയമനം നടത്താനുദ്ദേശിക്കുന്നുണ്ടോ; തൊഴിലാളികളുടെ കുറവുമൂലം സർവ്വീസുകൾ അവതാളത്തിലായിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ കോർപ്പറേഷനിൽ ഏതെല്ലാം തസ്തികകളിൽ എത്ര സ്ഥിരം ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിലേക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളിൽ നിന്നും യഥാസമയം നിയമനം നടത്തുന്നുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly